"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.സൂസൻ എബ്രഹാം, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.1041/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 21.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2675/2023/H&FWD തീയതി,തിരുവനന്തപുരം, 13-10-2023

---

പരാമർശം:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.06.2023-ലെ ഇ.എ1-5160/2023/ആവഡ നമ്പർ നടപടിക്രമം
2. ഡോ.സൂസൻ എബ്രഹാം, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) സമർപ്പിച്ച അപ്പീൽ (Annexure A9)
3. OA(EKM) No.1041/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 21.06.2023-ലെ ഉത്തരവ്
4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റുമാരുടെ പരാമർശം (1) നടപടിക്രമ പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകാത്ത സ്ഥാപനത്തിലേയ്ക്ക് സ്ഥലംമാറ്റിയതിനെതിരെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സൂസൻ എബ്രഹാം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.1041/2023 ഫയൽ ചെയ്യുകയും ഉണ്ടായി. അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീൽ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ്

പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ബഹു. ട്രൈബ്യൂണൽ നിർദ്ദേശം നൽകി.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു. ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷക സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) വക്കത്താനം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഇടുക്കി ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റുകയുണ്ടായെന്നും, കോട്ടയത്തെ വിവിധ സ്റ്റേഷനുകളിൽ സ്ഥലംമാറ്റത്തിന് ഓപ്ഷൻ സമർപ്പിച്ചിരുന്നെങ്കിലും ആയത് പരിഗണിക്കപ്പെട്ടില്ല എന്നും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടെന്നും പ്രായമായ അമ്മയ്ക്ക് ശ്വാസകോശ അർബുദം ആണെന്നും, ഉഴവൂർ സൂമൂഹികാരോഗ്യ കേന്ദ്രം, പാല ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി ജനറൽ ആശുപത്രി, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി, തൊടുപുഴ ജില്ലാ ആശുപത്രി, പുളിങ്കുന്ന് താലൂക്കാസ്ഥാന ആശുപത്രി, മൂവാറ്റുപുഴ ജനറൽ ആശുപത്രി, റാന്നി ജനറൽ ആശുപത്രി എന്നീ സ്റ്റേഷനുകളിൽ ഏതെങ്കിലും ഒന്നിൽ നിയമനം അനുവദിക്കണമെന്നും പരാമർശം (2) അപ്പീൽ അപേക്ഷയിൽ അഭ്യർത്ഥിച്ചിരുന്നു.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. കോട്ടയം ജനറൽ ആശുപത്രി, അയർകുന്നം പ്രാഥമിക ആരോഗ്യ കേന്ദ്രം, കുമരകം സാമൂഹിക ആരോഗ്യ കേന്ദ്രം, പാമ്പാടി താലൂക്ക് ആസ്ഥാന ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ പീഡിയാട്രിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്ഥലംമാറ്റത്തിന് പരിഗണിക്കുവാൻ കഴിയുന്ന ആരും തന്നെ ഇല്ല. പാല ജനറൽ ആശുപത്രിയിൽ 01/01/2019 മുതൽ ഉഴവൂർ കെ.ആർ.എൻ.എം.എസ്.എസ് ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ. ജൂബി സെബാസ്റ്റ്യനെയും (2 years outstation service), ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ 29/06/2018 മുതൽ

കാഞ്ഞിരപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രി ൽ ജോലി ചെയ്യുന്ന ഡോ. പ്രീജ.എസ്.-നെയും, ഉഴവൂർ കെ.ആർ.എൻ.എം.എസ്.എസ്. ആശുപത്രിയിൽ 07/07/2018 മുതൽ ജനറൽ ആശുപത്രി, മുവാറ്റുപുഴയിൽ ജോലി ചെയ്യുന്ന ഡോ.ടോണി കുര്യനെയും, കാഞ്ഞിരപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 9/12/2018 മുതൽ ജനറൽ ആശുപത്രി പാലായിൽ ജോലി ചെയ്യുന്ന ഡോ.ബിജു ഫൈസലിനെയുമാണ് (വിരമിക്കലിന് 2 വർഷത്തിന് താഴെ കാലയളവ്) നിയമിച്ചിരിക്കുന്നത്. പരിശോധനയിൽ അപേക്ഷക ഔട്ട് സ്റ്റേഷനിൽ ജോലി ചെയ്തിട്ടില്ലാത്തതായി വ്യക്തമായി. ആയതിനാൽ അപേക്ഷകയുടെ അപ്പീൽ നിരസിക്കുന്നതിനായി കമ്മിറ്റി തീരുമാനം കൈക്കൊണ്ടു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സൂസൻ എബ്രഹാം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.1041/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 21.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി.
Dr.Susan Abraham, Junior Consultant (Paediatrics), Chiravathara House, Irattunada, Maracaud.P.O., Kottayam - 686538.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

മേലെഴുത്ത് നം. ഇ.എ1- 5160/2023/ആ.വ.ഡ
തീയതി 18.10.2023.

ഉത്തരവിൻ പ്രകാരം
Signed by
R Renuka
Date: 17-10-2023 [illegible]

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും തുടർ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി

0381665